DESPATCHED
On.01/.2/.22.

18.01.22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.695 (4)/ 2021/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.2179 /എസ്.ഐ.സി-ജി2/2021 )**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി: 18.01.2022**

ശ്രീ. ശശിധരൻ.പി,
കളപ്പുരയ്ക്കൽ, ചുട്ടിപ്പാറ,
പത്തനംതിട്ട.പി.ഒ.

അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ &
   സൂപ്രണ്ട് (ജനറൽ),
   പത്തനംതിട്ട നഗരസഭ.
   പത്തനംതിട്ട.

എതിർകക്ഷികൾ

2. അപ്പീൽ അധികാരി &
   സെക്രട്ടറി,
   പത്തനംതിട്ട നഗരസഭ.

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 20.11.2020 ൽ നൽകിയ വിവരാവകാശ അപേക്ഷയിൽ പത്തനംതിട്ട നഗരസഭ സെക്രട്ടറി ശ്രീമതി മുംതാസിനെ സംബന്ധിച്ച ചില വിവരങ്ങൾ ആവശ്യപ്പെട്ടത് ലഭിച്ചില്ലയെന്നതാണ് പരാതി. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 13.01.2022 ൽ പത്തനംതിട്ട കളക്ടറേറ്റിലെ ഓഡിയോ കോൺഫറൻസ് സംവിധാനം വഴി ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരനും ഒന്നാം എതിർകക്ഷിയും ഹിയറിംഗിൽ പങ്കെടുത്തു.

2) ആവശ്യപ്പെട്ടവയെല്ലാം സ്വകാര്യ വിവരങ്ങളാണ് എന്നു പറഞ്ഞ് വിവരാവകാശ നിയമത്തിന്റെ 8(1) ജെ വകുപ്പു പ്രകാരം നൽകാനാവില്ല എന്നായിരുന്നു ഒന്നാം എതിർകക്ഷി നൽകിയ മറുപടി എന്ന് അപ്പീൽ ഹർജിക്കാരൻ

പറഞ്ഞു. നഗരസഭാ സെക്രട്ടറിയുടെ സർവ്വീസ് ബുക്ക് നഗരസഭയിൽ സൂക്ഷിക്കാറില്ലെന്നും ഒന്നാം എതിർകക്ഷി മറുപടിയിൽ പറഞ്ഞതായി അപ്പീൽ ഹർജിക്കാരൻ പറഞ്ഞു.

3) അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട ശ്രീമതി മുംതാസിനെ സംബന്ധിച്ച വിവരങ്ങൾ അവരുടെ സർവ്വീസ് ബുക്കിൽ നിന്നാണ് കണ്ടെത്തി നൽകേണ്ടതെന്നും, എന്നാൽ നഗരസഭ സെക്രട്ടറിമാരുടെ സർവ്വീസ് ബുക്കുകൾ നഗരസഭകളിൽ സൂക്ഷിക്കാറില്ലെന്നും, അവ അക്കൗണ്ടന്റ് ജനറൽ (ഏജീസ്) ഓഫീസിലാണ് സൂക്ഷിക്കാറുള്ളതെന്നും, നഗരസഭാ സെക്രട്ടറിമാർ ജോയനിംഗ് റിപ്പോർട്ട് നൽകാറില്ലെന്നും, അതുകൊണ്ട് നൽകിയ മറുപടി വസ്തുതാപരമാണെന്നും ഒന്നാം എതിർകക്ഷി പറഞ്ഞു.

4) ഇരുകക്ഷികളുടെയും മൊഴികളും അനുബന്ധരേഖകളും കമ്മീഷൻ പരിശോധിച്ചു. ഒന്നാം എതിർകക്ഷി പറയുന്ന കാര്യങ്ങൾ വസ്തുതാപരമാണെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. നഗരസഭാ സെക്രട്ടറിമാരുടെ സർവ്വീസ് ബുക്ക് ഏജീസ് ഓഫീസിലാണ് സൂക്ഷിക്കുന്നത് എന്ന വസ്തുത നഗരസഭാ ഡയറക്ടറേറ്റുമായി ബന്ധപ്പെട്ട് കമ്മീഷൻ ഉറപ്പു വരുത്തുകയുണ്ടായി.

5) അതുകൊണ്ട്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭിക്കുന്നതിന് ടിയാൻ ഏജീസ് ഓഫീസുമായി ബന്ധപ്പെടുകയാണ് നല്ലത്. ഏജീസ് ഓഫീസ് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള സ്ഥാപനമായതുകൊണ്ട് അപേക്ഷ വിവരാവകാശ നിയമം 6 (3) വകുപ്പു പ്രകാരം അങ്ങോട്ടേക്ക് കൈമാറാൻ ഒന്നാം എതിർകക്ഷിക്ക് കഴിയുകയില്ല.

6) എതിർകക്ഷികളുടെ അറിവിലേക്കായി ഒരു കാര്യം കമ്മീഷൻ ഓർമ്മിപ്പിക്കുകയാണ്. അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയിലെ എല്ലാ വിവരങ്ങളും സ്വകാര്യ വിവരമാണെന്ന് പറഞ്ഞ് നിഷേധിക്കാൻ കഴിയുന്നതല്ല. ടിയാന്റെ അപേക്ഷയിലെ അഞ്ചാമത്തെ ചോദ്യം മാത്രമാണ് പൂർണ്ണമായും സ്വകാര്യ വിവരത്തിന്റെ പരിഗണനയിൽ വരുന്നത്. അതൊഴികെയുള്ള എല്ലാ ചോദ്യങ്ങളും നഗരസഭാ സെക്രട്ടറിയായ ശ്രീമതി മുംതാസിന്റെ ഔദ്യോഗിക കൃത്യ നിർവ്വഹണവുമായി ബന്ധപ്പെട്ടവയാണ്. അവയെല്ലാം തന്നെ പൊതു വിവരത്തിന്റെ പരിധിയിൽ വരുന്നതുമാണ്. വിദ്യാഭ്യാസ യോഗ്യത, സേവനം അനുഷ്ഠിച്ച സ്ഥാപനങ്ങളുടെ പേര്, സേവനകാലാവധി, ശമ്പളവിവരങ്ങൾ എന്നിവയൊന്നും മറച്ചു വെയ്ക്കേണ്ട കാര്യവുമല്ല.

7) വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും ഓഫീസിൽ സൂക്ഷിക്കേണ്ട കാര്യമില്ല. ഒരാൾ ജോലിക്കു ചേരുമ്പോൾ മേലധികാരി സർട്ടിഫിക്കറ്റുകളുടെ നിജസ്ഥിതി പരിശോധിച്ച് ബോധ്യപ്പെടുക എന്നതല്ലാതെ, ഇവയുടെ പകർപ്പുകൾ സൂക്ഷിച്ചു വെയ്ക്കേണ്ട കാര്യമില്ല. എന്നാൽ ഈ വിവരങ്ങളെല്ലാം സർവ്വീസ് ബുക്കിലാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നതുകൊണ്ട്, സർവ്വീസ് ബുക്ക് സൂക്ഷിക്കുന്ന ഏജീസ് ഓഫീസിൽ നിന്നാണ് വിവരങ്ങൾ തേടേണ്ടത്.

8) ഇതെല്ലാം പരിഗണിക്കുമ്പോൾ, അപ്പീൽ ഹർജിയിൽ തുടർ നടപടി ആവശ്യമില്ലെന്ന് വിലയിരുത്തി, തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേ ദിവസം 18.01.2022 ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

STATE INFORMATION COMMISSION • KERALA, THIRUVANANTHAPURAM •

Va